**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2582** **23-02-2026 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വൈദ്യുതി വകുപ്പ് വഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 79 kW സ്ഥാപിത ശേഷിയിൽ 4 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി, ആകെ 35,55,000/- രൂപ ചെലവാക്കിയിട്ടുണ്ട്.<br><br>കൂടാതെ, പൂഞ്ഞാർ മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളും ചെലവഴിച്ച തുകയും **അനുബന്ധം-1** ആയി ചേർത്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് .<br><br>നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ 7 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പാലാ-പൂഞ്ഞാർ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്നതും കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ തലനാട് പഞ്ചായത്തിലെ മാർമ്മല വെള്ളച്ചാട്ടത്തിന് 330 മീറ്റർ മുകളിലായി വിഭാവനം ചെയ്തിരിയ്ക്കുന്നതുമായ ചെറുകിട ജലവൈദ്യുത പദ്ധതിയാണ് മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി. പ്രതിവർഷം ഏകദേശം 23.02 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഈ പദ്ധതിയിൽ നിന്നും ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.<br><br>പ്രസ്തുത പദ്ധതിക്കായി 70.18 കോടി രൂപയ്ക്ക് 24.01.2014-ൽ ബോർഡിന്റെ ഭരണാനുമതിയും 16.02.2015-ൽ സർക്കാരിന്റെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള മുഴുവൻ തുകയും ഭൂവുടമകൾക്ക് കൈമാറിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു. സ്ഥലം |

ഏറ്റെടുക്കൽ പൂർത്തിയായാൽ ഉടൻ തന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS കൂടാതെ PPS എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ വർക്കുകൾ നടത്തിവരുന്നു. മേൽപ്പറഞ്ഞ പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം – 2** ആയി ചേർക്കുന്നു.

പിണ്ണാക്കനാട് 33 kV സബ്സ്റ്റേഷൻ നിർമ്മാണവും അനുബന്ധ 9 കിലോമീറ്റർ ലൈൻ നിർമ്മാണവുമാണ് പൂഞ്ഞാർ മണ്ഡലത്തിൽ നിലവിൽ പ്രസരണ വിഭാഗം നടപ്പിലാക്കി വരുന്ന പദ്ധതികൾ.

പിണ്ണാക്കനാട് 33 kV സബ്സ്റ്റേഷനും അനുബന്ധ 9 കിലോമീറ്റർ ലൈനും നിർമ്മിക്കുന്നതിന് 14.63 കോടി രൂപയുടെ ഭരണാനുമതി 2020-ൽ അനുവദിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾക്കായി ഗവൺമെന്റ് ഉത്തരവ് ലഭ്യമായെങ്കിലും സ്ഥലമുടമ സ്ഥലം കൈമാറുന്നതിന് വിസമ്മതം അറിയിച്ചതിനെ തുടർന്ന് ഭൂമി കൈമാറ്റം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

തുടർന്ന്, പിണ്ണാക്കനാട് 33 kV സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി ശ്രീ. ഐസക് നിരപ്പേലിന്റെ ഉടമസ്ഥതയിലുള്ള 21 സെന്റ് ഭൂമി കണ്ടെത്തുകയും, ഈ സ്ഥലം ഏറ്റെടുക്കുന്നതിനായി, 25.09.2023 ലെ GO (Rt) No.168/2023/POWER പ്രകാരം ഊർജ്ജ വകുപ്പ് ഭരണാനുമതി നല്കുകയും, തുടർന്ന് 04.10.2023ലെ GO (Rt) No.3525/2023/RD പ്രകാരം റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2,12,500/- രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ 27.06.2024-ന് സർക്കാരിലേക്ക് അടച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ സർക്കാരിനു വേണ്ടി നടപ്പിലാക്കുന്ന പൊതുസ്വഭാവമുള്ള പദ്ധതികൾക്ക് ഓരോ കേസും പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി എസ്റ്റാബ്ലിഷ്മെന്റ് ചാർജ് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകുന്നതാണെന്ന 01.03.2025-ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ആയ 12,75,000/- രൂപ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ. അപേക്ഷകൾ നൽകുകയും ചെയ്തു.

തുടർന്ന്, 05.12.2025 തീയതിയിലുള്ള സർക്കാർ ഉത്തരവിലൂടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജിൽ നിന്നുള്ള ഒഴിവാക്കൽ 01.03.2025 മുതൽ മാത്രം പ്രാബല്യത്തിൽ വരുന്നതാണെന്നും, അതിന് മുൻപ് ആരംഭിച്ച സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒഴിവാക്കൽ ബാധകമല്ലെന്നും സർക്കാർ വ്യക്തമാക്കിയിരിക്കുന്നതനുസരിച്ച്, എസ്റ്റാബ്ലിഷ്മെന്റ് ചാർജ് അടയ്ക്കേണ്ടതാകയാൽ ടി തുക അടയ്ക്കുന്നതിനുള്ള അനുമതി 02.02.2026-ൽ നൽകുകയും, അതനുസരിച്ച് ടി തുക അടയ്ക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയായതിനു ശേഷം സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**<u>അനെർട്ട്</u>**

നിലവിലെ സർക്കാർ അധികാരമേറ്റശേഷം അനെർട്ട് (ANERT) മുഖേന പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ :-

പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഒരു സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനെർട്ടിന്റെ ഡെപ്പോസിറ്റ് വർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ തുക ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു.

പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ സോളാർ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അനുവദിച്ച തുക: ഈ പദ്ധതിക്കായി 5,37,480/- രൂപ (അഞ്ചു ലക്ഷത്തി മുപ്പത്തിയേഴായിരത്തി നാനൂറ്റി എൺപത് രൂപ) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.
2. നിലവിലെ സ്ഥിതി: ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി. (KSEBL)-യിൽ നിന്നും നിലവിലെ ലോഡ് റിവിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ ഈരാറ്റുപേട്ട

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടന്നുവരുന്നു. ലോഡ് റിവിഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 79 kW സ്ഥാപിത ശേഷിയിൽ 4 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി, ആകെ 35,55,000/- രൂപ ചെലവാക്കിയിട്ടുണ്ട്.<br><br>കൂടാതെ, പൂഞ്ഞാർ മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളും ചെലവഴിച്ച തുകയും **അനുബന്ധം-1** ആയി ചേർത്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് .<br><br>നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ 7 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പാലാ-പൂഞ്ഞാർ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്നതും കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ തലനാട് പഞ്ചായത്തിലെ മാർമ്മല വെള്ളച്ചാട്ടത്തിന് 330 മീറ്റർ മുകളിലായി വിഭാവനം ചെയ്തിരിക്കുന്നതുമായ ചെറുകിട ജലവൈദ്യുത പദ്ധതിയാണ് മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി. പ്രതിവർഷം ഏകദേശം 23.02 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഈ പദ്ധതിയിൽ നിന്നും ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.<br><br>പ്രസ്തുത പദ്ധതിക്കായി 70.18 കോടി രൂപയ്ക്ക് 24.01.2014-ൽ ബോർഡിന്റെ ഭരണാനുമതിയും 16.02.2015-ൽ സർക്കാരിന്റെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള മുഴുവൻ തുകയും ഭൂവുടമകൾക്ക് കൈമാറിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായാൽ ഉടൻ തന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS കൂടാതെ PPS എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ വർക്കുകൾ |

നടത്തിവരുന്നു. മേൽപ്പറഞ്ഞ പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം – 2** ആയി ചേർക്കുന്നു.

പിണ്ണാക്കനാട് 33 kV സബ്സ്റ്റേഷൻ നിർമ്മാണവും അനുബന്ധ 9 കിലോമീറ്റർ ലൈൻ നിർമ്മാണവുമാണ് പൂഞ്ഞാർ മണ്ഡലത്തിൽ നിലവിൽ പ്രസരണ വിഭാഗം നടപ്പിലാക്കി വരുന്ന പദ്ധതികൾ.

പിണ്ണാക്കനാട് 33 kV സബ്സ്റ്റേഷനും അനുബന്ധ 9 കിലോമീറ്റർ ലൈനും നിർമ്മിക്കുന്നതിന് 14.63 കോടി രൂപയുടെ ഭരണാനുമതി 2020-ൽ അനുവദിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾക്കായി ഗവൺമെന്റ് ഉത്തരവ് ലഭ്യമായെങ്കിലും സ്ഥലമുടമ സ്ഥലം കൈമാറുന്നതിന് വിസമ്മതം അറിയിച്ചതിനെ തുടർന്ന് ഭൂമി കൈമാറ്റം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

തുടർന്ന്, പിണ്ണാക്കനാട് 33 kV സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി ശ്രീ. ഐസക് നിരപ്പേലിന്റെ ഉടമസ്ഥതയിലുള്ള 21 സെന്റ് ഭൂമി കണ്ടെത്തുകയും, ഈ സ്ഥലം എറ്റെടുക്കുന്നതിനായി, 25.09.2023 ലെ GO (Rt) No.168/2023/POWER പ്രകാരം ഊർജ്ജ വകുപ്പ് ഭരണാനുമതി നല്കുകയും, തുടർന്ന് 04.10.2023ലെ GO (Rt) No.3525/2023/RD പ്രകാരം റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2,12,500/- രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ 27.06.2024-ന് സർക്കാരിലേക്ക് അടച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ സർക്കാരിനു വേണ്ടി നടപ്പിലാക്കുന്ന പൊതുസ്വഭാവമുള്ള പദ്ധതികൾക്ക് ഓരോ കേസും പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി എസ്റ്റാബ്ലിഷ്മെന്റ് ചാർജ് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകുന്നതാണെന്ന 01.03.2025-ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ആയ 12,75,000/- രൂപ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ. അപേക്ഷകൾ നൽകുകയും ചെയ്തു.

തുടർന്ന്, 05.12.2025 തീയതിയിലുള്ള സർക്കാർ ഉത്തരവിലൂടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജിൽ നിന്നുള്ള ഒഴിവാക്കൽ 01.03.2025 മുതൽ മാത്രം പ്രാബല്യത്തിൽ വരുന്നതാണെന്നും, അതിന് മുൻപ് ആരംഭിച്ച സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒഴിവാക്കൽ ബാധകമല്ലെന്നും സർക്കാർ വ്യക്തമാക്കിയിരിക്കുന്നതനുസരിച്ച്, എസ്റ്റാബ്ലിഷ്മെന്റ്

ചാർജ് അടയ്ക്കേണ്ടതാകയാൽ ടി തുക അടയ്ക്കുന്നതിനുള്ള അനുമതി 02.02.2026-ൽ നൽകുകയും, അതനുസരിച്ച് ടി തുക അടയ്ക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയായതിനു ശേഷം സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**<u>അനെർട്ട്</u>**

നിലവിലെ സർക്കാർ അധികാരമേറ്റശേഷം അനെർട്ട് (ANERT) മുഖേന പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ :-

പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഒരു സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനെർട്ടിന്റെ ഡെപ്പോസിറ്റ് വർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ തുക ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു.

പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ സോളാർ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അനുവദിച്ച തുക: ഈ പദ്ധതിക്കായി 5,37,480/- രൂപ (അഞ്ചു ലക്ഷത്തി മുപ്പത്തിയേഴായിരത്തി നാനൂറ്റി എൺപത് രൂപ) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.
2. നിലവിലെ സ്ഥിതി: ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി. (KSEBL)-യിൽ നിന്നും നിലവിലെ ലോഡ് റിവിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടന്നുവരുന്നു. ലോഡ് റിവിഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

*List of Pole mounted Charging Station in Poonjar Constituency*

| SL No. | Location Name | Section | Amount (in Lakhs) |
|---|---|---|---|
| 1 | Cosve | Erattupetta | 1.67 |
| 2 | Poonjar Bus Stand | Poonjar | |
| 3 | Galaxy Junction | Mundakayam | |
| 4 | Erumeli Charala Road | Erumeli | |
| 5 | Kaduvamuzhy | Erattupetta | |
| 6 | Parathodu | Parathodu | |

**അനുബന്ധം - 2**

**i) പൂർത്തിയാക്കിയ പ്രവർത്തികൾ**

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | പ്രവർത്തികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | പ്രവർത്തിയുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1. | ദ്യുതി 2.0 | 163 | 740 ലക്ഷം | 1.ട്രാൻസ്ഫോർമർ സ്ഥാപിക്കൽ- 71 എണ്ണം<br>2. 11K.V ലൈൻ നിർമ്മാണം- 33.26 kM<br>3. എൽ ടി ലൈൻ നിർമ്മാണം - 51.63 kM<br>4. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്ന പ്രവർത്തി– 51.14 km<br>5. റീകണ്ടക്റ്ററിങ്<br>a) 11കെ.വി.ലൈൻ -7.9 kM<br>2) എൽ ടി ലൈൻ - 91.14 kM |
| 2. | ആർ.ഡി.എസ്.എസ് | 7 | 617.98 ലക്ഷം | 1.ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 4 എണ്ണം<br>2. 11 കെ.വി ലൈൻ നിർമ്മാണം - 9.424kM<br>3. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്ന പ്രവർത്തി – 51.14 kM<br>4. റീകണ്ടക്റ്ററിങ്<br>a) 11കെ.വി.ലൈൻ 16.5kM<br>2) എൽ ടി ലൈൻ -17.5kM<br>5. കാലപ്പഴക്കം ചെന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി -11 എണ്ണം |
| 3. | പി.പി.എസ് | 54 | 68.38 ലക്ഷം | സ്ട്രീറ്റ്മെയിൻ നിർമ്മാണം –38.68 kM |

**ii) പൂർത്തീകരിക്കുവാനുള്ള പ്രവർത്തികൾ**

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | പ്രവർത്തികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | പ്രവർത്തിയുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1. | ദ്യുതി 2.0 | 98 | 281.24 ലക്ഷം | 1. 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 13 എണ്ണം<br>2. 11 കെ.വി. ലൈൻ നിർമ്മാണം– 13.5 kM<br>3. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്ന പ്രവർത്തി - 7.4kM<br>4. റീകണ്ടക്റ്ററിങ്<br>a) 11 കെ.വി.ലൈൻ -1.5 kM<br>b) എൽ ടി ലൈൻ - 52kM<br>5. കാലപ്പഴക്കം ചെന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി - 1എണ്ണം |
| 2 | ആർ.ഡി.എസ് .എസ് | 80 | 804.00 ലക്ഷം | 1. എച്ച്.റ്റി.എ.ബി.സി റീ കണ്ടക്റ്ററിങ് – 3.269kM<br>2. എൽ.ടി.എ.ബി.സി റീ കണ്ടക്റ്ററിങ്- 26.448km<br>3. എൽ.ടി ലൈൻ എൽ.ടി.എ.ബി.സി ആക്കി മാറ്റുന്ന പ്രവർത്തി - 3.754kM<br>4. എൽ. ടിസിംഗിൾ ഫേസ് ലൈൻകവേർട് കണ്ടക്ടർ ഉപയോഗിച്ച് ത്രീ ഫേസ് ആക്കുന്ന പ്രവർത്തി - 2.039kM<br>5. എൽ ടിലൈൻ കവേർട് കണ്ടക്ടർ ഉപയോഗിച്ച് റീകണ്ടക്റ്ററിങ് ചെയ്യുന്ന പ്രവർത്തി - 2.96 kM |

| | | | | |
|---|---|---|---|---|
| | | | | 6. 100 കെ.വി.എ ട്രാൻസ്ഫോർ സ്ഥാപിക്കൽ- 44 എണ്ണം |
| 3 | പി.പി.എസ് | 4 | 11.111 ലക്ഷം | 1.സ്ട്രീറ്റ് മെയിൻ നിർമ്മാണം - 5.946 kM<br>2. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - 10 എണ്ണം |